## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1694      12.06.2019 ൽ മറുപടിക്ക്

### കോളേജ് അദ്ധ്യാപകരുടെ ജോലിഭാരം

**ചോദ്യം**
**ശ്രീ. പി.ടി. തോമസ്**

**മറുപടി**
**ഡോ.കെ.ടി.ജലീൽ**
**(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കോളേജുകളിലെ അദ്ധ്യാപകരുടെ ജോലിഭാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ വകുപ്പ് 9.5.18-ൽ പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ കോളേജുകളെ ഒഴിവാക്കിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) | എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ ജോലിഭാരം പുന:നിർണ്ണയിച്ചുകൊണ്ട് പുറപ്പെടുവിച്ച 09/05/2018 തീയതിയിലെ സ.ഉ.(കൈ)നമ്പർ93/2018/ഉ.വി.വ. സർക്കാർ കോളേജുകൾക്കു കൂടി ബാധകമാക്കണമെന്ന പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു. |
| (ബി) | എയ്ഡഡ് മേഖലയിൽ പുതുതായി അദ്ധ്യാപക / അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഈ തസ്തികകൾ 9.5.18-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ എന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനു കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ 09.05.2018 തീയതിയിലെ സ.ഉ.(എംഎസ്)നമ്പർ93/2018/ഉ.വി.വ. ഉത്തരവ് പ്രകാരവും മറ്റ് നിലവിലെ ചട്ടങ്ങൾ പ്രകാരവും പരിശോധിച്ച് ധനകാര്യവകുപ്പിന്റെ അനുമതിക്ക് വിധേയമായി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. പുതിയതായി അനുവദിച്ച എയ്ഡഡ് കോളേജുകളിൽ അനദ്ധ്യാപക തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരികയാണ് |
| (സി) | സർക്കാർ കോളേജുകളിൽ മലയാളം അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കുവാനുള്ള പ്രൊപ്പോസലുകൾ കോളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലുണ്ടോ; എങ്കിൽ ഇത് നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ മലയാളം വിഭാഗത്തിന് ഈ വർഷം 8 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ഈ അദ്ധ്യായന വർഷം മലയാളം വിഭാഗത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പുതിയ പ്രൊപ്പോസലുകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ